(ഇ & എഫ്) ട്രാഫിക് ഡ്യൂട്ടികൾക്കും മറ്റു ഡ്യൂട്ടികൾക്കും പോകുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്ക് ഇക്കാര്യത്തിൽ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്.

രജിസ്റ്റർ ചെയ്ത കേസുകൾ

68 (75) ശ്രീ. കെ. പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പോലീസ് സ്റ്റേഷനുകളിൽ 2000 മേയ് 31 വരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) അവയിൽ എത്ര എണ്ണം റഫർ ചെയ്തു ;

(സി) എത്രയെണ്ണം ചാർജ്ജ് ചെയ്തു എന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 5,02,406 കേസുകൾ

(ബി) 95,364 കേസുകൾ

(സി) 3,42,275 കേസുകൾ

ശ്രീനാരായണഗുരുദേവന്റെ പ്രതിമകൾ തകർത്ത സംഭവങ്ങൾ

69 (76) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ.ഇ. എം. അഗസ്തി :
ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും അവസാനം കൊല്ലം എസ്.എൻ.കോളേജിൽ നടന്ന വിദ്യാർത്ഥി സമരം ഒത്തു തീർപ്പാക്കിയ തീയതിക്ക് ശേഷം ശ്രീനാരായണ ഗുരുദേവന്റെ പ്രതിമകൾ തകർത്ത എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് ;

(ബി) എവിടെയെല്ലാമാണ് ഈ കാലയളവിൽ ഗുരുദേവന്റെ പ്രതിമകൾ ധ്വംസിക്കപ്പെട്ടത് ;

(സി) ഈ സംഭവങ്ങൾ സംബന്ധിച്ച് കേസെടുത്തിട്ടുണ്ടോ ;

(ഡി) ഈ കേസുകളിൽ എല്ലാംകൂടി എത്ര പ്രതികളുണ്ട് ;

(ഇ) അവരിൽ എത്രപേരെ ഇതുവരെ അറസ്റ്റ് ചെയ്തു ; ബാക്കിയുള്ളവരെ അറസ്റ്റ് ചെയ്യാതിരിക്കാനുള്ള കാരണമെന്ത് ;

(എഫ്) ഗുരുദേവ പ്രതിമകളുടെ ധ്വംസനത്തെപ്പറ്റി മാത്രം അന്വേഷിക്കുവാൻ പോലീസ് സേനയിലെ വിദഗ്ദ്ധന്മാർ ഉൾക്കൊള്ളുന്ന ഒരു ടാസ്ക് ഫോഴ്സിനെ നിയമിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly